LIBRARY ARCHIVES Kerala Legislative Assembly

ഒറ്റപ്പാലത്ത് ജില്ലാ ആശുപത്രി

105 (770) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രി പദവിയിലേക്ക് ഉയർത്തണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ടോ ; ഇത് സംബന്ധിച്ച ആവശ്യം എവിടെ നിന്നെല്ലാമാണ് വന്നത് ;

(ബി) പാലക്കാട് മെഡിക്കൽ കോളേജ് യാഥാർത്ഥ്യമായ സാഹചര്യത്തിൽ ഭൂമിശാസ്ത്രപരമായി ജില്ലയുടെ മധ്യത്തിലുള്ള സബ്ഡിവിഷൻ ആസ്ഥാനമായ ഒറ്റപ്പാലത്ത് ജില്ലാ ആശുപത്രി തുടങ്ങുന്നത് സംബന്ധിച്ച പ്രൊപ്പോസലിന്റെ പുരോഗതി വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ശ്രീ. എം. ഹംസ എം.എൽ.എ., കെ.എസ്.യു. ജനറൽ സെക്രട്ടറി ശ്രീ. എം. ഷിഹാബുദ്ദീൻ എന്നിവർ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് ഇതിനായി നിവേദനം നൽകിയിട്ടുണ്ട്.

(ബി) പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടറിൽനിന്നും ലഭ്യമായിട്ടില്ല.

ഐക്കോൺസിലൂടെ സൗജന്യ ചികിത്സാ പദ്ധതി

106 (771) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനിതക വൈകല്യങ്ങൾ ബാധിച്ച 18 വയസ്സ് വരെയുള്ളവർക്ക് ഐക്കോൺസിലൂടെ സൗജന്യ ചികിത്സനൽകുന്ന പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ;

(ബി) അന്തർദേശീയ നിലവാരത്തിലുള്ള ചികിത്സ ലഭ്യമാക്കുന്നതിനായി ഐക്കോൺസിന്റെ ഓരോ സെന്ററുകളിലും ഒരുക്കിയിട്ടുള്ള ചികിത്സാ വിദഗ്ധർ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ?